

# രക്ഷകനായ ദൈവം

2

**സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.**

# പാഠം 11

# ജനങ്ങളെ പഠിപ്പിക്കുന്ന ഈശോ



കരുണ കാണിക്കുന്നവർക്കു
കരുണലഭിക്കുമെന്നും
ഹൃദയശുദ്ധിയുള്ളവർ ദൈവത്തെ
കാണുമെന്നും, നീതി പ്രവർത്തിക്കു
ന്നവർക്കു സ്വർഗ്ഗരാജ്യം
ലഭിക്കുമെന്നും അവിടുന്നു
പഠിപ്പിച്ചു.

ഈശോയുടെ പ്രബോധനങ്ങളുടെ

ഒരു സംഗ്രഹം

**അഷ്ടഭാഗ്യങ്ങൾ**

എന്നറിയപ്പെടുന്നു...

(മത്താ. 5:3-12)

നിങ്ങളെ സ്നേഹിക്കുന്നവരെ മാത്രമല്ല

ശത്രുക്കളെയും

സ്നേഹിക്കണമെന്ന് ഈശോ പറഞ്ഞു.

നമ്മെ ദ്രോഹിക്കുന്നവരോടു
ക്ഷമിക്കുന്നത് എങ്ങനെയെന്നു പഠിപ്പിക്കുവാൻ
ഈശോ ഇങ്ങനെ പറഞ്ഞു.

**വലത്തു കരണത്തടിക്കുന്നവന്**
**മറ്റേ കരണംകൂടി**
**കാണിച്ചുകൊടുക്കുക.**

ഇങ്ങനെയുള്ള സുവിശേഷ
സത്യങ്ങൾ ജനങ്ങളെ പഠിപ്പിച്ച
ദിവ്യഗുരുവാണ് ഈശോ..

# ഈശോ
# ലോകത്തിന്റെ
# ഗുരുനാഥൻ

ഈശോ പ്രവർത്തിച്ചതും പഠിപ്പിച്ചതുമായ

കാര്യങ്ങൾ വിശുദ്ധ ബൈബിളിലാണ്

രേഖപ്പെടുത്തിയിട്ടുള്ളത്. ബൈബിളിലൂടെ

ഈശോ നമ്മളോടു സംസാരിക്കുന്നു.

# വിശുദ്ധ ബൈബിൾ



# നമുക്കു പാടാം



**സുവിശേഷ വെളിച്ചത്താൽ**
**ഇരുളെല്ലാം നീക്കിടുവാൻ**
**അവതാരം ചെയ്തവനെ**
**കൈകൂപ്പി വണങ്ങിടുവിൻ.**

**കർത്താവേ ധരണിയിൽ നിൻ**
**സാക്ഷികളായ് തീർന്നിടുവാൻ**
**ഞങ്ങളിൽ നിൻ സുവിശേഷം**
**പൂങ്കിരണം ചൊരിയട്ടെ.**





# നമുക്കുപ്രാർത്ഥിക്കാം

**ദിവ്യഗുരുവായ ഈശോയേ അങ്ങയുടെ**

**വചനമനുസരിച്ചു ജീവിക്കുവാൻ**

**ഞങ്ങളെ അനുഗ്രഹിക്കണമേ!**

# നമുക്ക് അനുകരിക്കാം

ഈശോയുടെ വചനങ്ങൾ കേൾക്കാൻ
ഓടിയെത്തിയ ജനങ്ങളെപ്പോലെ ഞാനും
ഉത്സാഹത്തോടെ ദൈവവചനം കേൾക്കും..

# ബോധ്യങ്ങൾ

* സുവിശേഷസത്യങ്ങൾ ജനങ്ങളെ പഠിപ്പിച്ച ദിവ്യഗുരുവാണ് ഈശോ.

* ഈശോയുടെ പ്രബോധനങ്ങളുടെ ഒരു സംഗ്രഹം അഷ്ടഭാഗ്യങ്ങൾ ആണ്.



* ഈശോ പഠിപ്പിച്ച പ്രാർത്ഥനയാണ് സ്വർഗ്ഗസ്ഥനായ പിതാവേ.
ബൈബിളിലൂടെയാണ് ഈശോ നമ്മോടു സംസാരിക്കുന്നത്.

# മനോഭാവങ്ങൾ

* ഈശോ പഠിപ്പിച്ച കാര്യങ്ങൾ നാം അനുസരിക്കണം.

* ഈശോയാണ് ലോകത്തിന്റെ ഗുരുനാഥൻ എന്നു നാം അംഗീകരിക്കണം, ഏറ്റുപറയണം.



* വി. ഗ്രന്ഥത്തെ ഭക്തിയോടും ആദരവോടും കൂടി സമീപിക്കണം.

# ശീലങ്ങൾ



* നമ്മെ ദ്രോഹിക്കുന്നവരെയും സ്നേഹിക്കുക.
* എല്ലാ പ്രയാസങ്ങളിലും ദൈവത്തെ ആശ്രയിക്കുക.
* ഈശോ പഠിപ്പിച്ച കർത്തൃപ്രാർത്ഥന ഭക്തിയോടെ ചൊല്ലുക.
* ദൈവവചനം കേൾക്കാൻ താൽപര്യം കാണിക്കുക.
* വി.ഗ്രന്ഥത്തെ ആദരവോടുകൂടി കൈകാര്യം ചെയ്യുക.


THANK
YOU